# കുട്ടികളുടെ വ്യക്തിത്വം

jthrees@hotmail.com

## *ആരാണ് കുട്ടികൾ*

“സമ്പത്തും സന്താനങ്ങളും ഭൗതികജീവിതത്തിൻെറ അലങ്കാരങ്ങളാണ്.” ഇതത്രെ വിശുദ്ധ ഖുർആൻെറ വിലയിരുത്തൽ. എന്നാൽ “നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ഒരു പരീക്ഷണമാകുന്നു” എന്നും ഖുർആൻ തന്നെ വ്യക്തമാക്കുകയുണ്ടായി.

ഏകദൈവം നമ്മെ ഏല്പിച്ച അമൂല്യ സമ്പത്താണ് നമ്മുടെ മക്കൾ. അവർക്ക് നല്ല പേർ വെക്കുകയും അവരെ നല്ലത് അഭ്യസിപ്പിക്കുകയും നല്ല സംസ്കാരത്തിൽ വളർത്തിയെടുക്കുകയും ചെയ്യുകയത്രെ രക്ഷിതാക്കളുടെ പ്രധാന കടമ. കാരണം, മക്കൾ നമ്മെ അനന്തരമെടുക്കേണ്ടവരും നമ്മുടെ സന്താനപരമ്പരകളെ നിലനിറുത്തേണ്ടവരും നാളെ സമൂഹത്തിനു മുമ്പിൽ നമ്മെ പ്രതിനിധീകരിക്കേണ്ടവരും നമ്മുടെ സൽപേര് നിലനിറുത്തേണ്ടവരുമാണ്. അതത്രെ യഥാർഥ പുത്രധർമം. അതിനാൽ അവരുടെ വളർച്ചാഘട്ടങ്ങൾ ഓരോന്നും പരിശോധിക്കുകയും ആവശ്യമായ ശിക്ഷണ-ശീലനങ്ങൾ നല്കി അവരെ സംസ്കരിച്ചെടുക്കുകയും ചെയ്യേണ്ടത് രക്ഷിതാക്കളുടെ കടമയായി നിശ്ചയിച്ചിരിക്കുന്നു.

ഈ സൂചിപ്പിച്ച സംഗതികൾ ചെയ്യുന്നതിന് ചില ഘടനകൾ ദൈവം നിശ്ചയിച്ചിട്ടുണ്ട്. നാം അവരെ സമീപിക്കുന്നതും കൈകാര്യം ചെയ്യുന്നതും പ്രസ്തുത രീതിയും ഘടനയും പ്രകൃതിയും ധർമവും അനുസരിച്ചല്ലെങ്കിൽ അലങ്കാരങ്ങളെന്നു നാം കരുതുന്ന മക്കൾ നമുക്ക് തന്നെ വിപത്തായി മാറും.

## *കുട്ടി എന്ന വ്യക്തി*

ബാല്യം എന്നറിയപ്പെടുന്ന ഘട്ടത്തിലാണ് കുട്ടികളുടെ സ്വഭാവവും വൈകാരിക-സമീപന രീതികളുമൊക്കെ രൂപപ്പെടുന്നത്. ഇത് ഏകദേശം ഏഴ് വർഷങ്ങൾ നീണ്ടുനില്ക്കുന്ന രണ്ട് ഘട്ടങ്ങളിലായാണ് നടക്കുന്നത്. ഇതിനിടയിൽ കുട്ടികൾ അനുഭവിക്കുകയും അറിയുകയും ചെയ്യുന്ന സംഗതികളെല്ലാം തന്നെ അവരുടെ വ്യക്തിത്വവികാസത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. അവയാണ് അവരുടെ വ്യക്തിത്വവികാസത്തിൻെറ അടിത്തറ എന്നു വിശേഷിപ്പിക്കാം.

പ്രധാനമായും അഞ്ച് കാര്യങ്ങളാണ് ഈ ഘട്ടത്തിൽ കുട്ടികളെ സ്വാധീനിക്കുന്നത്.

1. മാതാപിതാക്കൾ
2. കുടുംബാന്തരീക്ഷം
3. പാരമ്പര്യം
4. ചുറ്റുപാട്
5. അഭിരുചി

ഇവ എങ്ങനെയാണ് കുട്ടിയിൽ സ്വാധീനം ചെലുത്തുന്നതെന്ന് പരിശോധിക്കുന്നതോടൊപ്പം ഒരു കുട്ടിയുടെ സ്വഭാവരൂപീകരണത്തിലും സംസ്കാരത്തിലും പുറമെ നിന്നുള്ള ഇടപെടൽ എന്ന നിലക്ക് രക്ഷിതാക്കൾക്ക് അവരുടെ കാര്യത്തിൽ എന്തെല്ലാം ചെയ്യാനാകും, അവ എന്തൊക്കെയാണ് തുടങ്ങിയ വിഷയങ്ങൾ കൂടി സൂചിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## *മാതാപിതാക്കൾ*

കുട്ടികളുടെ മനസ്സ് വൃത്തിയുള്ള വെള്ള പേപ്പർ പോലെയാണ്. അതിൽ ഏത് നിറം വേണമെങ്കിലും വാരി പിടിപ്പിക്കാം. ദൈവദത്തമായ ഈ പ്രകൃതിയെ കൈകാര്യം ചെയ്യുമ്പോൾ ചെറിയ രീതിയിലുള്ള ഉത്തരവാദിത്തബോധം മാതാപിതാക്കൾക്കുണ്ടാകണം. കാരണം, നാളെ ആ കുഞ്ഞ് എന്തായി മാറുന്നുവോ അതിൻെറ ഉത്തരവാദികൾ മാതാപിതാക്കളായിരിക്കും.

കുട്ടികളുടെ വ്യക്തിത്വവികാസത്തിൽ ഏറെ ഗൗരവമേറിയ ജോലിയാണ് മാതാപിതാക്കൾക്ക് നിർവഹിക്കാനുള്ളത്, വിശിഷ്യാ മാതാവിന്. ഏകദൈവം അവളെ അക്കാര്യം ചുമതലപ്പെടുത്തുകയും അതിനാവശ്യമായ കഴിവുകൾ അവളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. അത് ഫലവത്താകുമാറ് കുട്ടിയുടെ മനസ്സിൽ മാതാവിനോട് വലിയ അളവിൽ സ്നേഹവികാരങ്ങൾ ഊട്ടിയുറപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു കുട്ടി ആദ്യമായി സസൂക്ഷ്മം നിരീക്ഷിക്കുന്നത് തൻെറ മാതാവിനെയാണ്. ആദ്യത്തെ നറുംപുഞ്ചിരി നല്കുന്നതും തൻെറ മാതാവിനാണ്. ഈ ബന്ധം പിന്നെ വളരുകയാണ്

ചെയ്യുന്നത്. മാതാവിൻെറ സാന്നിധ്യത്തിൽ ആ കുട്ടി സുരക്ഷിതത്വവും ശാന്തിയും അനുഭവിക്കുന്നു. തൻെറ ജീവിതത്തിന് സർവസ്വമായ അവലംബമാണ് മാതാവ് എന്ന ചിന്ത കുട്ടിയുടെ മനസ്സിൽ അവൻ അറിയാതെ വളർന്നുവരുന്നു.

കുട്ടി വളരുംതോറും മാതാവിനോടുള്ള ഈ വൈകാരികബന്ധത്തിന് ആഴവും ശക്തിയും കൈവരും. മാതാവിനോട് സ്നേഹത്തോടെ പെരുമാറുന്നവരെ സ്നേഹിക്കാനും വെറുക്കുന്നവരെ വെറുക്കാനും അവൻ തയാറാകും. മാതാവിനെ ആരെങ്കിലും ശകാരിക്കുന്നതു കേട്ടാലോ മാതാവ് കരയുന്നത് കണ്ടാലോ കുഞ്ഞും മാതാവിനോടൊപ്പം കരയുന്നത് കാണാം. മാതാവിനോടുള്ള അവൻെറ വൈകാരികബന്ധമാണത് സൂചിപ്പിക്കുന്നത്.

ഈ ബന്ധത്തിലൂടെ കുട്ടി തൻെറ മാതാവിൽനിന്ന് സ്വായത്തമാക്കുന്ന തലോടലുകളും താലോലങ്ങളും കൊച്ചുകൊച്ചു വർത്തമാനങ്ങളുമാണ് കുഞ്ഞിൻെറ മാനസികാരോഗ്യത്തിൻെറയും ബുദ്ധിവികാസത്തിൻെറയും സ്വഭാവരൂപീകരണത്തിൻെറയും ആദ്യ മേഖല. മാതാവ് അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക തന്നെ വേണം.

സ്നേഹവും ലാളനയും അവരുടെ മനസ്സിൽ അഗാധമായി സ്വാധീനം ചെലുത്തുന്നതുപോലെ ശാസനക്കുമുണ്ട് ശക്തമായ സ്വാധീനം. മാതാവിൻെറ സംരക്ഷണവും സ്നേഹവും അനുഭവിക്കാനാകാത്ത കുട്ടികൾ വികലവും മോശവുമായ സ്വഭാവ-പെരുമാറ്റങ്ങൾ കാഴ്ചവെക്കുന്നത് അതിനാലാണ്. അത്തരം കുട്ടികൾ പലപ്പോഴും അന്തർമുഖികളുമായിരിക്കും. ലാളിച്ചും വഷളാക്കിയും ആവശ്യമായ ഘട്ടത്തിൽ ശിക്ഷകളും നിർദ്ദേശങ്ങളും നല്കാതെയും വിട്ടയക്കുന്നത് അവരുടെ സ്വഭാവരൂപീകരണത്തിൽ വലിയ അപകടം വരുത്തും. എന്നാൽ തീരെ സ്വാതന്ത്ര്യം നല്കാതിരിക്കുകയോ ചെറിയ അബദ്ധങ്ങൾക്കു പോലും വലിയ രീതിയിൽ വിമർശിക്കുകയോ ചെയ്യുന്നതും നേർവിപരീത ഫലമായിരിക്കും അവരുടെ വ്യക്തിത്വരൂപീകരണത്തിൽ ഉണ്ടാക്കുക.

കുട്ടിയുടെ കാര്യങ്ങളിൽ ഇടപെടുന്നത് സൂക്ഷിച്ചുവേണം. അവരെ ശാസിക്കുമ്പോഴും തിരുത്തുമ്പോഴും ഉപദേശിക്കുമ്പോഴും വിലക്കുമ്പോഴും ഗുണദോഷിക്കുമ്പോഴും ശിക്ഷിക്കുമ്പോഴുമൊക്കെ അതിൻെറ കാരണവും അവരെ ബോധ്യപ്പെടുത്തണം. ഈ കാര്യം ഒന്നാം ഭാഗത്തിൽ സൂചിപ്പിക്കുകയുണ്ടായി.

സംസ്കാരം രൂപപ്പെടുത്തുന്നതിൽ അധ്യാപകരുടെ പങ്കിനെക്കാൾ വലുതാണ് മാതാപിതാക്കളുടെത്. മാതാവിൽനിന്നാണ് അത് ആരംഭിക്കേണ്ടത്. അമ്മയുടെ മടിത്തട്ട് ഈ സംസ്കാരത്തിന് അടിത്തറ പാകുന്ന പ്രഥമ സർവകലാശാലയാണ്. അവിടെ വെച്ച് ലഭിക്കുന്ന സംസ്കാരവും ശീലങ്ങളും ഉപദേശങ്ങളും കളിയും കഥകളുമൊക്കെ അവരുടെ സ്വഭാവത്തിലും വ്യക്തിത്വരൂപീകരണത്തിലും ഏറെ സ്വാധീനിക്കും. അവരുടെ വീക്ഷണപാടവത്തെയും വിശ്വാസത്തെയും അതേറെ പോഷിപ്പിക്കും.

ജീവിതലക്ഷ്യത്തെ സംബന്ധിച്ച കാഴ്ച്ചപ്പാട് അവരുടെ പ്രായത്തിനനുസരിച്ച രീതിയിൽ കുട്ടികളെ ബോധ്യപ്പെടുത്തണം. ഏത് പ്രതിസന്ധിയിലും ഉറച്ചുനില്ക്കാൻ കഴിവ് ലഭിക്കുമാറ് അവരിൽ ആത്മധൈര്യം വളർത്തിയെടുക്കണം.

### *കുട്ടിയുടെ സമീപനങ്ങൾ*

താനും ഒരാളാണ് എന്ന തോന്നൽ കുട്ടികൾ സ്വന്തമായി രൂപീകരിക്കുകയും അതിന് അംഗീകാരം ലഭിക്കാൻ ആകുന്ന രീതിയിലെല്ലാം അവർ പരിശ്രമിക്കുകയും ചെയ്യും. മാതാപിതാക്കൾ അത് വകവെച്ചുകൊടുക്കണം. വീട്ടിലെ കാര്യങ്ങൾ കൂടിയാലോചിക്കുമ്പോൾ അവരെയും കൂടെ കൂട്ടുക. കുടുംബ ബജറ്റ് തയാറാക്കുമ്പോൾ അവരെയും കാര്യങ്ങൾ ബോധ്യപ്പെടുത്തുക. കുടുംബത്തിലെ മൊത്തത്തിലുള്ള കാര്യങ്ങളിൽ അവന് അവൻെറതായ ഒരു റോൾ നല്കുകയും അത് കേൾക്കുകയും വേണം. അതോടൊപ്പം തങ്ങളുടെ മാതാപിതാക്കളുടെ കഴിവും തങ്ങളുടെ നേരെ അവർക്കുള്ള നിലപാടും കുഞ്ഞുങ്ങൾ അറിയാനിടയാകണം.

മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ അവരെ കൂടെ കൂട്ടുക, (ഇത് മിക്കപ്പോഴും പല രക്ഷിതാക്കളും അനുവദിക്കാത്തതാണ്. അത് നല്ല രീതിയല്ല.) സാധനങ്ങൾ വാങ്ങുമ്പോൾ അവരെ അവ തിരഞ്ഞെടുക്കാൻ അനുവദിക്കുക, അവർക്ക് മാത്രം ആവശ്യമായ സാധനങ്ങൾ തിരഞ്ഞെടുക്കാൻ അവരോട് ആവശ്യപ്പെടുക. അവർ തിരഞ്ഞെടുത്തതിനെപ്പറ്റി എന്തുകൊണ്ട് അതു തന്നെ തിരഞ്ഞെടുത്തു എന്ന് സാധനങ്ങളുടെ ഗുണനിലവാരം അവരോട് വിശദീകരിക്കാൻ ആവശ്യപ്പെടുക, വെറുതെയിരിക്കുമ്പോൾ അവരുടെ ബുദ്ധിവികാസത്തിനുതകും വിധം ചെറിയ ഗെയിമുകളിലും ടെസ്റ്റുകളിലും ഏർപ്പെടുക, ആളുകളുമായുള്ള ഇടപെടലുകളിൽ അനുവർത്തിക്കേണ്ട രീതിയെപ്പറ്റിയും അവലംബിക്കേണ്ട പെരുമാറ്റത്തെപ്പറ്റിയും അവരെ ബോധ്യപ്പെടുത്തുക. ഇതൊക്കെ അവരുടെ സാമൂഹിക പ്രതിബദ്ധതയും മനോധൈര്യവും വർധിപ്പി

ക്കാൻ സഹായിക്കുന്നതാണ്. അത്തരം കുട്ടികൾക്കാണ് അഭിപ്രായസുബദ്ധത ഉണ്ടാവുകയുള്ളൂ. ഏത് കാര്യത്തെയും തന്മയത്വത്തോടെ നേരിടാൻ അതവരെ പ്രാപ്തരാക്കും.

### *അവരുടെ നേരെ ശ്രദ്ധ*

ഒരിക്കൽ ഒരു രക്ഷിതാവ് തന്റെ എട്ടു വയസ്സുകാരനായ മൂതിർന്ന കുട്ടിയെപ്പറ്റി ആവലാതി പറഞ്ഞു: അവന് തീരെ അനുസരണമില്ല. എല്ലാവരോടും ദേഷ്യമാണ്, പ്രത്യേകിച്ചും മകളോട്." കുട്ടിയുടെ പ്രതികരണം: "ഡാഡിക്കും മമ്മിക്കും അവളോട് മാത്രമേ സ്നേഹമുള്ളൂ. എന്താ, ഞാനും ആ വീട്ടിൽ ഉള്ളതല്ലേ?" തകരാറ് കുട്ടിയുടെതല്ല, അവന്റെ കുഞ്ഞുമനസ്സിൽ സംശയ ത്തിന്റെ കരിനിഴൽ വീഴാൻ അവസരമൊരുക്കിയ രക്ഷിതാക്കളുടെതാണ്.

എത്ര തിരക്ക് പിടിച്ച ജീവിതമാണെങ്കിലും അവരോട് സല്ലപിക്കാനും അവരെ ശ്രദ്ധിക്കാനും രക്ഷിതാക്കൾ സമയം കാണണം. അവരുടെ ലോകത്തിലെ പരിഭവങ്ങൾക്കും പരാതികൾക്കും അതർഹിക്കുന്ന ഗൗരവത്തിൽ പരിഗണന നല്കണം. അവരുടെ തെറ്റുകളെ ആകർഷകമായി പരിഹരിക്കാൻ സാധിക്കണം. അല്ലെങ്കിൽ കുടുംബാന്തരീക്ഷത്തിൽ കുഞ്ഞുങ്ങൾ ഒറ്റപ്പെടും.

കുട്ടികളുടെ മുമ്പിൽ ഒരു കാര്യത്തിലും ഒരിക്കലും കാർക്കശ്യം പ്രകടിപ്പിക്കരുത്. അവരോട് അവരുടെ കൊച്ചു മനസ്സിന്റെ നൈർമല്യത്തിനനുസരിച്ച് കരുണ കാണിക്കുക തന്നെ വേണം. എന്തിനും ഏതിനും വഴക്ക് പറയുന്ന രീതി ഒഴിവാക്കണം.

### *കളിയും വളർച്ചയും*

കളിച്ചുവളരേണ്ട പ്രായമാണ് കുട്ടികളുടെത്. ആ സ്വാതന്ത്ര്യം അവരുടെ പ്രകൃതിയിൽ ദൈവം നിശ്ചയിച്ച പ്രത്യേക ഘട്ടമാണ്. അവരുടെ മാനസികാരോഗ്യവും വളർച്ചയും ആ ഘട്ടത്തെ ഏറെ ആശ്രയിച്ചിരിക്കുന്നു. അതിനെ മാതാപിതാക്കൾ വിലക്കരുത്. മൂന്നാം വയ സ്സിലോ അതിന് മുമ്പായോ ആരംഭിക്കുന്ന വിദ്യാഭ്യാസ പ്രക്രിയ കുട്ടിക്ക് ഈ സ്വാതന്ത്ര്യം നഷ്ട പ്പെടുത്താനിടയുണ്ട്. അത്തരം സാഹചര്യങ്ങളിൽ പുസ്തകങ്ങളുടെ മുമ്പിൽനിന്ന് എഴുന്നേല് ക്കാൻ പോലും അവന് നേരം കിട്ടിയെന്ന് വരില്ല. കുട്ടി വിദ്യ തുടങ്ങിയാൽ അവൻ പിന്നെ "വലുതായി" എന്ന രീതിയിലാണ് അവനെ രക്ഷിതാക്കൾ അവനെ സമീപിക്കുക. വായിക്കാ ത്തതിന്, മാർക്ക് അല്പം കുറഞ്ഞതിന്, നേരത്തെ എഴുന്നേല്ക്കാത്തതിന്, അയലത്തെ കുട്ടി യുടെ അത്ര ഊർജസ്വലത കാണിക്കാത്തതിന്, അങ്ങനെ തുടങ്ങുന്നു കുട്ടിയുടെ ജീവിതം ക്ലേശകരമാക്കുന്ന സമീപനങ്ങൾ. അതൊക്കെ അവരുടെ സ്വഭാവത്തെയും വ്യക്തിത്വത്തെയും ഏറെ ദോഷമായി ബാധിക്കും. നമ്മുടെ തിടുക്കങ്ങളും മോഹങ്ങളും കുട്ടികളിൽ അടിച്ചേല്പി ക്കാൻ മുതിരരുത്.

രക്ഷിതാക്കൾ വിദേശങ്ങളിലാണെങ്കിൽ ഇടയ്ക്കിടെ കുട്ടികളുമായി ബന്ധപ്പെടുക തന്നെ വേണം. ഇത് പിതാവ് തന്നെ പരിഗണിക്കുന്നു എന്ന ബോധവും ഗൗരവവും അവരിൽ വളർ ത്താൻ ഏറെ ഉപയുക്തമാണ്.

കുട്ടികൾ നിഷ്കളങ്കതയുടെ ഒരു വലിയ ലോകമാണ്. അവരെ കേട് കൂടാതെ സൂക്ഷി ക്കുകയും വളർത്തുകയും ചെയ്യുമ്പോൾ മാത്രമാണ് അവർ നമുക്ക് സമ്പത്തായി മാറുക. കുട്ടികളെ വളർത്തി വലുതാക്കുകയെന്നത് വലിയ കാര്യമല്ല. എന്നാൽ അവരെ കുടുംബത്തിനും സമൂഹത്തിനും ഉപകരിക്കും വിധം വളർത്തി വലുതാക്കുന്നതാണ് വലിയ കാര്യവും പ്രയത്ന വും. അതാണ് നമ്മെ ദൈവം ഏല്പിച്ച ബാധ്യത. അതിനു വേണ്ടി സഹിക്കുന്ന ത്യാഗം ഏറെ പ്രതിഫലദായകവുമാണ്.

(തുടരും)